## 99

1 അരികേ വരുമാരെയുമാശ്വസിപ്പി
ച്ചരുമയോടവരോടരുളുന്നവനാം
പരനെ-മനുസുതനെ-തൻനാമം
പുകഴ്ത്തി വണങ്ങുക നാം-എന്നാളും

2 തിരുസന്നിധിയോടണയും സമയം
വരുമൊരു കുതുകം ലോകം തരുമോ?
വരുവിൻ അവന്നരികിൽ-തൻനാമം
പുകഴ്ത്തി വണങ്ങുക നാം-എന്നാളും

3 സുരഭിതൈലം പകരുന്നതു സമമവനുടെ നാമം-നലമഭിരാമം
അഴലിൽ-മൃതിനിഴലിൽ-തൻനാമം സുഖമരുളിടുവതാ-മെന്നാളും

4 മരുഭൂമിയിലെ മാറയിലൊരു തരു-
ശിഖരം മധുരം തരുവാനിടയായ്
അതുപോൽ-തിരുസവിധം തൻനാമം
പുകഴ്ത്തി വണങ്ങുക നാം-എന്നാളും

**T.K.S**